**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5364** | | **23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്** | |
|---|---|---|---|
| **കോട്ടക്കൽ മണ്ഡലത്തിൽ ആധാർ എടുക്കുവാൻ കഴിയാത്തവർക്ക് പെൻഷൻ** | | | |
| **ചോദ്യം** | | **മറുപടി** | |
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | പ്രായാധിക്യം കാരണവും ശാരീരിക പ്രശ്നങ്ങൾ കാരണവും ആധാർ എടുക്കാൻ കഴിയാത്തവർക്ക് ആധാറില്ലെന്ന കാരണം പറഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെൻഷനുകൾ നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | (എ) | പ്രായാധിക്യം, ശാരീരിക പ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ ആധാർ എടുക്കാൻ കഴിയാത്തവർക്ക് ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് തിരിച്ചറിയൽ രേഖയായും സത്യവാങ്മൂലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുന്ന പക്ഷം പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. ആധാർ ഇല്ലാത്ത കാരണത്താൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | കർഷകത്തൊഴിലാളികൾക്കും വിധവകൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിർദ്ധനകുടുംബങ്ങൾക്കും ഇപ്പോൾ പെൻഷനുകൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കർഷക തൊഴിലാളികൾക്കും വിധവകൾക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിർദ്ധന കുടുംബങ്ങൾക്കും പെൻഷൻ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ ആധാർ എടുക്കുവാൻ കഴിയാത്തവർക്ക് പെൻഷനുകൾ അടിയന്തരമായി അനുവദിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ? | (സി) | ധനകാര്യ വകുപ്പിന്റെ 21.01.2017 ലെ സ.ഉ(എം.എസ്) നം.34/2017 ധന. ഉത്തരവ് പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ആധാർ എടുക്കാൻ കഴിയാത്തവർക്ക് ഇലക്ഷൻ ഐ.ഡി. കാർഡിന്റെയോ, റേഷൻ കാർഡിന്റെയോ പകർപ്പും സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നൽകുന്നപക്ഷം പെൻഷൻ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ